Malappuram District Police

## 27/11/2017 നിലമ്പൂർ

ഒറ്റ അക്ക ലോട്ടറി വിൽപ്പന നടത്തിയ ഒരാള് അറസ്റ്റില്. അരീക്കോട് കാവനൂർ കിലുക്കുങ്കല് കാക്കപ്പൊയിൽ മുഹമ്മദ് റിയാസി(32)നെയാണ് നിലമ്പൂർ സി.ഐ. കെ.എം. ബിജുവും സംഘവും പ്രതിയെ അറസ്റ്റ് ചെയ്തത്. മമ്പാട് ഒടായിക്കലിൽ ലോട്ടറി കട നടത്തുന്ന ഇയാൾ ഇതിന്റെ മറവിലാണ് അനധികൃതമായി ഒറ്റ അക്ക ലോട്ടറി വിൽപ്പന നടത്തിയത്.

കേരളാ ലോട്ടറിയുടെ ഒന്നാം സമ്മാനത്തിന് അർഹമായ ടിക്കറ്റിന്റെ അവസാന മൂന്ന് അക്കങ്ങള് എഴുതി നൽകുന്ന ആൾക്കാണ് ലോട്ടറി ഒന്നിന് 5,000 രൂപ വീതം ലഭിക്കുക. ഒരു നമ്പറിന് പത്തുരൂപയാണ് ഈടാക്കുന്നത്. ഇതുപ്രകാരം എത്ര എണ്ണം വേണമെങ്കിലും ഒരേ നമ്പറിൽ എഴുതിവാങ്ങാം. ഇങ്ങനെ നൂറുകണക്കിന് ആളുകളാണ് ഒറ്റ അക്ക നമ്പർ ലോട്ടറിയില് കുടുങ്ങുന്നത്. സംസ്ഥാന ലോട്ടറി നിയമത്തിന് കടകവിരുദ്ധമായാണ് ഈ അനധികൃത വിൽപ്പന. പ്രതിദിനം 10,000 രൂപ വരെയാണ് ഒറ്റഅക്ക നമ്പർ ലോട്ടറി നടത്തുന്നവരുടെ വരുമാനം.

ജില്ലയിൽ സർക്കാര് നിരോധിച്ച ഒറ്റ അക്ക ലോട്ടറിയുടെ വിൽപ്പന വ്യാപകമാണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് നടത്തിയ പരിശോധനയിലാണ് ഇയാൾ കുടുങ്ങിയത്. ഒറ്റ അക്ക നമ്പർ എഴുതിയ ലിസ്റ്റും 8,000 രൂപയും ഇയാളുടെ പക്കൽനിന്ന് പിടിച്ചെടുത്തു. പന്നിപ്പാറ, അരീക്കോട് എന്നിവിടങ്ങളിലും ഇയാൾക്ക് ലോട്ടറി സ്ഥാപനങ്ങളുണ്ട്.